**നോത്തമശ്ലോകവാർത്താനാം ജൂഷതാം തത് കഥാമൃതം**
**സ്യാത് സംഭ്രമോƒന്തകാലേƒപി സ്മരതാം തത്പദാംബുജം (1-18-4)**
**തിരസ്കൃതാ വിപ്രലബ്ധാശ്ശപ്താ: ക്ഷിപ്താ ഹതാ അപി**
**നാസ്യ തത് പ്രതികുർവന്തി തദ്ഭക്താ: പ്രഭവോപി ഹി (1-18-48)**

മുനിമാരേ, പരീക്ഷിത്തുരാജൻ ജനനത്തിനുമുൻപേ ശ്രീകൃഷ്ണഭഗവാനാൽ രക്ഷിക്കപ്പെട്ടവനാണെന്നുപറഞ്ഞല്ലൊ. അധാർമ്മികരേയും കലിയെത്തന്നേയും നിർഭയനായി നേരിട്ട് അദ്ദേഹമവരെ തൻെറ രാജ്യത്തിൽനിന്നുമകറ്റി. മരണം വാതിൽമുട്ടിവിളിക്കുമ്പോഴും രാജാവതിനെ നിർഭയനായിത്തന്നെ നേരിട്ടു. ഭഗവൽപ്പാദാരവിന്ദങ്ങളിൽ ഹൃദയമർപ്പിച്ചവനും ഭഗവൽനാമം ജപിക്കുന്നവനും മരണസമയത്ത് യാതൊരുവിധ കലുഷചിന്തകളും ഉണ്ടാകുന്നില്ല. അവിടുത്തെ തൃപ്പാദം തൊട്ടുശുദ്ധമായ ഗംഗയിലെജലമാണ് ഭൂമിയേയും ദേവകളെത്തന്നെയും പരിശുദ്ധരാക്കുന്നത്. ഐശ്വര്യസമ്പത്തുകളുടെ അധിപയായ ലക്ഷ്മീദേവിയും അവിടുത്തെ പാദരേണുക്കൾക്കായി പ്രാർത്ഥിക്കുന്നു.

ഋഷിമാരേ, ഇനി പരീക്ഷിത്തുരാജാവിൻെറ അന്ത്യകാലത്തെപ്പറ്റിയുള്ള കഥപറയാം. ഒരു ദിവസം രാജാവ് വനത്തിൽ നായാട്ടിനായിപ്പോയി. നല്ല ചൂടുള്ളദിവസം. ദാഹാർത്തനായ രാജാവ് വെള്ളത്തിനുവേണ്ടി മഹാമുനിയായ സമീകൻെറ പർണ്ണശാലയിലേക്കു കയറി. മുനി ധ്യാനത്തിലാണ്. വെള്ളത്തിനുവേണ്ടി ചോദിച്ചിട്ടും മുനി ധ്യാനത്തിൽനിന്നുണർന്നില്ല. രാജാവിൻെറ മനസ്സിലാദ്യമായിട്ടാണ് മഹാത്മാക്കളോട് ദേഷ്യവും വെറുപ്പും തോന്നുന്നത്. വില്ലിൻെറ തുമ്പുകൊണ്ട് അടുത്തു കിടന്നിരുന്ന ഒരു പാമ്പിൻെറശവം തോണ്ടി മുനിയുടെകഴുത്തിൽ മാലപോലെയിട്ടിട്ട് രാജാവ് ചോദിച്ചു. “നിങ്ങൾ ശരിക്കും ധ്യാനത്തിലാണോ അതോ ധാർഷ്ട്യം കൊണ്ട് എന്നെക്കാണാതിരിക്കാൻ ധ്യാനമഭിനയിക്കുകയാണോ.?” മുനിയെന്നിട്ടും കണ്ണുതുറന്നില്ല.

രാജാവ് തിരിച്ചുപോയി. സമീകമുനിയുടെ മകൻ ഈസംഭവം കേട്ടു ക്രുദ്ധനായി. “ഈ ക്ഷത്രിയരാജാക്കന്മാർക്കെത്ര ധിക്കാരമാണ്? മഹാത്മാക്കളേയും ഗുരുക്കളേയും ഇപ്രകാരം അപമാനിക്കുകയോ?. അവരെ നിയന്ത്രിക്കാൻ കൃഷ്ണഭഗവാനില്ലാത്തതുകൊണ്ടാണ് മുനിമാരെ വിനയത്തോടെ പരിരക്ഷിക്കാൻ ചുമതലയുള്ള രാജാക്കന്മാരിങ്ങിനെ പെരുമാറുന്നത്. ഏതായാലും ഇതിനുതക്കശിക്ഷ ഞാൻതന്നെനൽകുന്നതാണ്.” എന്നിട്ട് രാജാവിനെ ഇങ്ങിനെ ശപിച്ചു. “ഇന്നേക്കേഴുദിവസത്തിനകം കൊടിയവിഷമുള്ള തക്ഷകസർപ്പത്തിൻെറ ദംശനത്താൽ പരീക്ഷിത്ത് കൊല്ലപ്പെടട്ടെ.” പിന്നീട് പർണ്ണശാലയിലെത്തിയ ചെറുപ്പക്കാരന് ആവലാതിയായി. മുനി കണ്ണുതുറന്നപ്പോൾ കാര്യങ്ങൾ മനസ്സിലാക്കി. നടന്നകാര്യങ്ങൾ സമീകനിഷ്ടമായില്ല. “മകനേ, നീ രാജാവിനെതിരെ പാപം ചെയ്തിരിക്കുന്നു. രാജാവ് വിഷ്ണുഭഗവാൻതന്നെയാണ്. അദ്ദേഹത്തിൻെറ ചെറിയൊരുതെറ്റിന് വലിയൊരുശാപമാണ് നീ കൊടുത്തത്. രാജാവുമരിച്ചാൽ കള്ളന്മാരും അധർമ്മികളും പെരുകും. ആത്മീയകാര്യങ്ങൾ നടക്കാതെപോകുകയും രാജ്യം കലാപകലുഷിതമാവുകയും ചെയ്യും. നിൻെറ ശാപം കാരണം ഈ കുഴപ്പങ്ങളെല്ലാം നമ്മെ പിന്തുടരും. മാത്രമല്ല നിന്ദയിലോ ചതിയിലോ പെരുമാറ്റദൂഷ്യത്തിലോ അപമാനത്തിലോ തങ്ങളെ മറ്റാരെങ്കിലും ഉപദ്രവിച്ചാൽപ്പോലും ഭഗവൽഭക്തന്മാർ പ്രതികാരം ചെയ്യുകയില്ല എന്നറിയുക. എന്തുതന്നെ ചെയ്യാൻകഴിവുണ്ടെങ്കിലും. സർവ്വനിയന്താവായഭഗവാൻ നിൻെറ പാപത്തേയും അപക്വതയേയും ക്ഷമിക്കട്ടെ.”